# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

<u>2023 മാർച്ച് 14, ചൊവ്വ</u>

**നമ്പർ 107**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

<u>ചോദ്യങ്ങൾ</u> :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്</u>:

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2022 ഡിസംബർ 8 - ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1494- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി മേശപ്പുറത്തുവച്ചു.

[കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ വനിതാ കൗൺസിലർമാരെ അടക്കം മർദ്ദിച്ചതായും, കൗൺസിൽ യോഗത്തിൽ പങ്കെടുക്കാൻ അനുവദിക്കാത്തതായും പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. അടിയന്തരപ്രമേയത്തിന് നൽകപ്പെട്ടിരുന്ന നോട്ടീസ് ക്രമപ്രകാരമല്ലെന്നും, പ്രസ്തുത നോട്ടീസ് ചട്ടം 304 പ്രകാരമുള്ള വിഷയങ്ങളിൽ ആദ്യത്തേതായി പരിഗണിക്കാവുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.]

(ഇതിൽ പ്രതിപക്ഷനേതാവ് പ്രതിഷേധം രേഖപ്പെടുത്തുകയും, പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.)

KNPP. 517/2023 (i).

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. എൻ. ജയരാജ് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | വടകര - മാഹി കനാൽ മൂന്നാം റീച്ച് പ്രവൃത്തി | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | വലിയപറമ്പിലെ കടലാക്രമണ ഭീഷണി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീമതി കാനത്തിൽ ജമീല | കൊളാവിപ്പാലം അഴിമുഖത്തെ മണൽ നീക്കം ചെയ്യലും പുലിമുട്ട് നിർമ്മാണവും | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | തോട്ടട ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. വി. ശ്രീനിജിൻ | കോരൻ കടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | ചെടിയാലക്കടവിൽ പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

റിപ്പോർട്ട് സമർപ്പണം :

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്നു മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

ചട്ടത്തിനുള്ള ഭേദഗതി :

2022 സെപ്റ്റംബർ 29 - ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 18/2022/വ്യവ. (എസ്.ആർ.ഒ. നമ്പർ 967/2022) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2022-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ (ഭേദഗതി) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് ഭേദഗതികൾ അവതരിപ്പിച്ച് സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിക്കുശേഷം, ഔദ്യോഗിക ഭേദഗതി ഉൾപ്പെടെ താഴെപറയുന്ന ഭേദഗതികളോടെ സഭ അംഗീകരിക്കുകയും ശേഷിക്കുന്നവ സഭയുടെ അനുമതിയോടെ പിൻവലിക്കുകയുമുണ്ടായി.

(i) For the words " from a" before the word " State" the words " from the" shall be substituted.

(ii) In Note, the brackets for the numbers 2, 3 and 4 shall be omitted.

(iii) In Note (2) For the word " Rajyasabha" the words " Rajya Sabha" shall be substituted wherever it occurs.

(iv) In Note (3), for the word " numbers" the word " number" shall be substituted.

ധനകാര്യം :

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായങ്ങൾ എന്ന XXXVII- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും, വൈദ്യുത പദ്ധതികൾ എന്ന XXXIX - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XXXVII - ാം നമ്പർ ധനാഭ്യർത്ഥന, XXXIX - ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

(അടിയന്തരപ്രമേയത്തിന്മേൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച്, പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളം വച്ചു)

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. ബാബു (*നെന്മാറ*)

ശ്രീ. വി. ശശി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. കെ.എൻ.ഉണ്ണികൃഷ്ണൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. എം. നൗഷാദ്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. കെ. കെ. രാമചന്ദ്രൻ.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

ശ്രീ. വാഴൂർ സോമൻ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും മറുപടി നൽകി. തുടർന്ന് ധനാഭ്യർത്ഥനകൾ XXXVII, XXXIX എന്നിവ ഐകകണ്ഠ്യേന പാസ്സാക്കി.

2023 മാർച്ച് 15- ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 1.27 - ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Eighth Session

# BULLETIN – PART I

(Brief Record of Proceedings)

*Tuesday, March 14, 2023*

**No. 107**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Five Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Questions :*

Statement correcting answer and the Corrected answer to Unstarred question No. 1494 dated 8th December 2022 of Seventh session of Fifteenth Kerala Legislative Assembly was laid on the Table by Shri V. Sivankutty, Minister for General Education and Labour.

[A notice for leave to introduce Adjournment Motion was given by Shri Roji M. John and five other Members regarding the serious situation reported to have arisen consequent to the assaulting of councilors including women councilors who came to attend the Kochi Corporation Council meeting and also withheld from attending the council meeting. The Speaker informed the House that the notice for leave for adjournment was not in order and hence the said notice may be considered as the first one among the matters under Rule 304.]

(The Leader of the Opposition spoke in protest against the decision and the members belonging to the opposition shouted slogans and tried to obstruct the proceedings of the House.)

KNPP. 517/2023 (ii).

*Calling Attention :*

1. Dr. N. Jayaraj called the attention of the Minister for General Education and Labour to the necessity to take steps to resolve the hurdles in appointment of permanent teachers in aided schools in the State. The Minister made a statement thereto.

(The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

*The Matters under Rule 304:*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | വടകര - മാഹി കനാൽ മൂന്നാം റീച്ച് പ്രവൃത്തി | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | വലിയപറമ്പിലെ കടലാക്രമണ ഭീഷണി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീമതി കാനത്തിൽ ജമീല | കൊളാവിപ്പാലം അഴിമുഖത്തെ മണൽ നീക്കം ചെയ്യലും പുലിമുട്ട് നിർമ്മാണവും | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | തോട്ടട ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. വി. ശ്രീനിജിൻ | കോരൻ കടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | ചെടിയാലക്കടവിൽ പാലം നിർമ്മാണം | പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി |

*Presentation of Report :*

The Eleventh to Seventeenth Reports of the Committee on Subordinate Legislation were presented.

*Consideration of Amendments to Rules :*

DR. N. Jayaraj moved amendments to the Kerala District Mineral Foundation (Amendment) Rules, 2022 issued in G.O. (P) No : 18/2022/ID. Dated 29-9-2022 (S.R.O. No. 967/2022). The Minister for Law, Industries and Coir replied to the points raised. After the reply by the Minister for Law, Industries and Coir the following amendments including official amendments were adopted and rest of the amendments were withdrawn by the leave of the House.

(i) For the words "from a" before the word "State" the words "from the" shall be substituted.

(ii) In Note, the brackets for the numbers 2, 3 and 4 shall be omitted.

(iii) In note (2) for the word "Rajyasabha" the words "Rajya Sabha" shall be substituted wherever it occurs.

(iv) In Note (3), for the word "numbers" the word "number" shall be substituted.

*Financial Business :*

<u>Discussion and Voting on Demands for Grants in the Budget for the financial year 2023-24</u>

Shri P. Rajeeve, Minister for Law, Industries and Coir moved Demand No. XXXVII – Industries and Shri K. Krishnankutty, Minister for Electricity moved Demand No. XXXIX – Power for the amounts shown respectively against them under column No. 5 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos XXXVII and XXXIX.

The cut motions for Demand Nos XXXVII and XXXIX were not moved.

(In protest against the decision with regard to Adjournment motion, the members belonging to Opposition parties entered into the well of House and protested.)

The following members took part in the discussion;

Shri K. Babu (*Nenmara*)

Shri V. Sasi

Shri Xavier Chittilappilly

Shri Job Maichil

Shri K. N. Unnikrishnan

Shri A. Prabhakaran

Shri M. Noushad

Shri Ramachandran Kadannappalli

Shri K. K. Ramachandran.

(The members belonging to Opposition boycotted the rest of the proceedings.)

Shri Vazhoor Soman

Shri K. P. Kunhammed Kutti Master.

Shri P. Rajeeve, the Minister for Law, Industries and Coir and Shri K. Krishnankutty, Minister for Electricity replied to the points raised during the discussion. Then the Demand No. XXXVII and XXXIX were passed by the House unanimously.

The House adjourned at 1.27 p.m. to meet again at 9.00 a.m on Wednesday, March 15, 2023.

A. M. Basheer,
*Secretary.*